പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

28.1.2014 - ൽ

മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 2930.

<u>വയനാട് ജില്ലയിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. പി.കെ. അബ്ദുറബ്ബ് ( വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലും കോളേജുകളിലുമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനായി പൊതു - ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി. ഈ പദ്ധതി ലക്ഷ്യമാക്കുന്നത് ഹയർ സെക്കന്ററി - ബിരുദതല വിദ്യാർത്ഥികളെയാണ്. പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യം നൽകുന്നതാണ് പദ്ധതി. |
| (സി) പ്രസ്തുത പദ്ധതിയുടെ നടപ്പു സാമ്പത്തിക വർഷത്തെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) നടപ്പു സാമ്പത്തിക വർഷത്തിൽ 450 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 15000 വിദ്യാർത്ഥികൾക്ക് പദ്ധതി നടപ്പാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. കൂടാതെ ഓരോ നിയോജക മണ്ഡലത്തിലും ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുക എന്ന പരിപാടിയുടെ തുടക്കം കുറിക്കാനും ഉദ്ദേശിക്കുന്നു. |

(ഡി) ഇവയിൽ ഏതെല്ലാം പ്രവർത്തന ങ്ങൾ ഏറ്റെടുത്തു നടപ്പാക്കിയെന്നു വിശദമാക്കുമോ?

(ഡി) ഇതുവരെ 450 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 15000 വിദ്യാർത്ഥികൾക്ക് അസാപ് കോഴ്സിലേക്ക് പ്രവേശനം നൽകുകയും ഫൗണ്ടേഷൻ കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്കിൽ സെക്ടർ കോഴ്സ് 2014 ജനവരി അവസാനത്തോടെ ആരംഭിക്കും.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | സ്കൂളുകളുടെ പേരുകൾ |
| --- | --- |
| 1 | ജി.വി.എച്ച്.എസ്.എസ്. മാനന്തവാടി, |
| 2 | എച്ച്.എസ്.എസ്., നീർവാരം, |
| 3 | സർവോദയ എച്ച്.എസ്.എസ്. |
| 4 | ജി.എച്ച്.എസ്.എസ്. അച്ചൂർ |
| 5 | ജി.എച്ച്.എസ്.എസ്. കൊയിലേരി |
| 6 | എം.റ്റി.ഡി.എം. എച്ച്.എസ്.എസ്., തൊണ്ടർനാട് |
| 7 | സെന്റ് കാതറിൻ എച്ച്.എസ്.എസ്. പയ്യാമ്പള്ളി |
| 8 | ജി.എച്ച്.എസ്.എസ്., കൊലേരി |
| 9 | എസ്.എൻ.എച്ച്.എസ്.എസ്., പൂതപ്പാടി |
| 10 | ജി.വി.എച്ച്.എസ്.എസ്. കൽപ്പറ്റ |
| 11 | വയനാട് ഓർഫനേജ് സ്കൂൾ, പീനാങ്കോട് |
| 12 | ജി.എച്ച്.എസ്.എസ്., വൈത്തിരി |
| 13 | ജി. എച്ച്.എസ്.എസ്. വലാട്ട് |

| ക്രമ നമ്പർ | കോളേജുകളുടെ പേരുകൾ |
| --- | --- |
| 1 | ഗവ. കോളേജ്, മാനന്തവാടി |
| 2 | പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി |
| 3 | സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി |

സെക്ഷൻ ഓഫീസർ